**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3752** **06-08-2021 - ൽ മറുപടിയ്ക്ക്**

**കുംഭാര സമുദായക്കാരുടെ കുലത്തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരളത്തിലെ കുംഭാര സമുദായക്കാരുടെ കുലത്തൊഴിൽ സംരക്ഷിക്കുന്നതിനു വേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ? | (എ) | കുംഭാര സമുദായങ്ങളുടെ കുലത്തൊഴിലായ കളിമൺപാത്ര നിർമ്മാണ തൊഴിൽ സംരക്ഷിച്ച് നിലനിർത്തുന്നതി നായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖാന്തിരം ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. 1. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം സംസ്ഥാനത്തെ പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് നൂതന യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും, വർക്ക് ഷെഡ്, ചൂള തുടങ്ങിയവ നിർമ്മിക്കുന്നതിനും തൊഴിൽ നവീകരിക്കുന്നതിനും അതുവഴി പുതുതലമുറയെ ടി തൊഴിലിലേക്ക് ആകൃഷ്ടരാക്കി കുലത്തൊഴിൽ സംരക്ഷിക്കുന്നതിനും വേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം അർഹരായവർക്ക് പരമാവധി 50,000/- രൂപ വരെ രണ്ട് ഗഡുക്കളിലായി ധനസഹായം നൽകുന്നു. 60 വയസ്സ് വരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. 2. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി സംസ്ഥാനത്തെ പരമ്പരാഗത മൺപാത്ര തൊഴിൽ ചെയ്തുവരുന്ന കുംഭാര സമുദായത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമായിട്ടാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന കോളനി / സങ്കേതങ്ങളിൽ ആധുനിക യന്ത്ര സാമഗ്രികളോടു കൂടിയ പൊതുവായ വർക്ക് ഷെഡ്, ചൂള തുടങ്ങിയവ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു കോളനിയ്ക്ക് പരമാവധി 1 കോടി രൂപ വരെ അനുവദിക്കുന്നു. കുടിവെള്ള പദ്ധതി, നടപ്പാത നിർമ്മാണം, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി പ്രകാരം തുക അനുവദിക്കുന്നതാണ്. കൂടാതെ കേരളത്തിലെ കുംഭാര സമുദായം ഉൾപ്പെടെ കളിമൺപാത്ര നിർമ്മാണ വിപണന മേഖലയിൽ പ്രവർത്തിക്കുന്ന ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനം ലക്ഷ്യമാക്കി രൂപീകരിച്ച കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ മുഖേന ഈ മേഖലയിൽ ഉള്ളവർക്ക് കളിമൺപാത്ര നിർമ്മാണ യൂണിറ്റുകളുടെ ആധുനീവൽക്കരണം/ പുതിയ യൂണിറ്റുകളുടെ നിർമ്മാണം / ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവ ലക്ഷ്യമാക്കി താഴെ പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. i. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി. ii. കളിമൺപാത്ര വിപണന വായ്പാ പദ്ധതി. |

സെക്ഷൻ ഓഫീസർ